"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട്, തലക്കുളത്തൂർ സി.എം.എച്ച്.എസ്.എസിലെ എഫ്.ടി.എം ആയ ശ്രീ.രഞ്ജിത് കുമാർ.എൻ.ആറിന് അനുവദിച്ച ശൂന്യവേതനാവധി - റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2690/2024/GEDN തീയതി,തിരുവനന്തപുരം, 16-04-2024

---

പരാമർശം:-
1. 09.05.2000 ലെ സ.ഉ(സാധാ) നം.1827/2000/പൊവിവ.
2. കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.11.2023 ലെ ബി 4/1867524/2023 നം. കത്ത്.

**ഉത്തരവ്**

കോഴിക്കോട്, തലക്കുളത്തൂർ സി.എം.എം.എച്ച്.എസ്.എസിലെ എഫ്.ടി.എം ആയിരുന്ന ശ്രീ.രഞ്ജിത് കുമാർ.എൻ.ആർന് 20.09.1999 മുതൽ 19.09.2004 വരെ അഞ്ച് വർഷത്തേക്ക് കെ.എസ്.ആർ പാർട്ട് - I അപ്പൻഡിക്സ് XIIA പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ടിയാൻ വ്യക്തിപരമായ കാരണങ്ങളാൽ അവധിയിൽ പ്രവേശിക്കാതെ ജോലിയിൽ തുടർന്നു എന്നും ആയതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യണമെന്നും പരാമർശം(2) പ്രകാരം കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

2. ഹയർ സെക്കന്ററി വിഭാഗത്തിൽ ലാബ് അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിച്ച് ജോലിയിൽ പ്രവേശിച്ച ശ്രീ.രഞ്ജിത് കുമാർ.എൻ.ആറിന് അവധി അനുവദിച്ച വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവധി റദ്ദു ചെയ്തതായ രേഖപ്പെടുത്തലുകൾ ഇല്ല. ടിയാൻ അവധിയിൽ പ്രവേശിക്കാതെ ജോലിയിൽ തുടർന്ന് ശമ്പളവും ആനുകൂല്യങ്ങളും കൈപ്പറ്റിയിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട്, തലക്കുളത്തൂർ സി.എം.എച്ച്.എസ്.എസിലെ എഫ്.ടി.എം ആയ ശ്രീ.രഞ്ജിത് കുമാറിന് പരാമർശം(1) പ്രകാരം 20.09.1999 മുതൽ 19.09.2004 വരെ അഞ്ച് വർഷത്തേക്ക് അനുവദിച്ച ശൂന്യവേതനാവധി ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.രഞ്ജിത് കുമാർ.എൻ.ആർ, എഫ്.ടി.എം, സി.എം.എച്ച്.എസ്.എസ് , തലക്കുളത്തൂർ, കോഴിക്കോട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ ) വിഭാഗം

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Padmakumari B
Date: 17-04-2024 10:59:42

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസിന്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്